# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2409  01.04.2013-ൽ മറുപടിക്ക്**

**ജലസുരക്ഷാ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കമോ ; | (എ) ജലസുരക്ഷാ പദ്ധതി എന്ന പേരിൽ നേരിട്ട് ഒരു പദ്ധതി നിലവിൽ നടപ്പിലാക്കുന്നില്ല. അതേ സമയം മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ വ്യാപിപ്പിച്ച് ജലസമൃദ്ധി വർദ്ധിപ്പിക്കുന്നതിനും ജലഗുണനിലവാരം കൂടുതൽ ഉറപ്പാക്കുന്നതിനും അതുപോലെ ജലവിനിയോഗ വിനിമയ സംരക്ഷണ പരിപാടികളിൽ ജലത്തിന്റെ പുനർ ഉപയോഗവും, പുന:ചംക്രമണവും ഉൾപ്പെടുത്തി മലിന ജലത്തെ കൂടുതൽ പ്രയോജന പ്പെടുത്തുവാനുള്ള സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കുന്നുണ്ട്. അതോടൊപ്പം ജലശുദ്ധീകരണത്തിന്റെ ഭാഗമായി ടെറാഫിൽ പോലുള്ള ചെലവ് കുറഞ്ഞ പരിസ്ഥിതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകളും ടെറാഫിൽ ഫിൽറ്റർ യൂണിറ്റുകളും പ്രചരിപ്പിക്കുന്നുണ്ട്. നീർത്തടാധിഷ്ഠിത പരിപാടികൾ ജലസ്രോതസ്സുകളുടെ സംരക്ഷണം, മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ജന പങ്കാളിത്തത്തോടെ ജലസുരക്ഷ ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന്എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി യിൽ ഉൾ പ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | കുടിവെള്ള സ്രോതസ്സുകളിലെ മലിനീകരണം മനസ്സിലാക്കുന്നതിന് ജലഗുണ നിലവാര പരിശോധന പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തി വരുന്നു. ആരോഗ്യ വകുപ്പിന്റെയും, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും സഹകരണത്തോടെ ഹെൽത്ത് ഇൻസ്പെക്ടർ, ആശാവർക്കേഴ്സ് എന്നിവരിൽ നിന്നും തെരഞ്ഞെടുത്ത പതിനായിരം പേർക്ക് ഈ മേഖലയിൽ പരിശീലനം നൽകി ഗ്രാമതലത്തിൽ കുടിവെള്ള സ്രോതസ്സുകൾ പരിശോധനയ്ക്ക് വിധേയമാക്കും. |
| (സി) | എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | കേരളത്തിലാകെ എല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും പദ്ധതി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ